നമ്പർ. സി3/141/റ്റിസി/2019

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി. 25.09.2019

## സർക്കുലർ നം. 08/2019

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – വാഹൻ 4 നടപ്പിൽ വരുന്ന സാഹചര്യത്തിൽ പുതിയ വാഹനങ്ങൾക്ക് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നും നൽകുന്ന Type approval നിർത്തലാക്കുന്നതുമായി ബന്ധപ്പെട്ട്

സൂചന :- വാഹൻ സോഫ്റ്റ് വെയറിലുള്ള ഹോമോലോഗേഷൻ പോർട്ടൽ.

പുതുതായി രൂപകൽപ്പന ചെയ്ത് നിർമ്മിക്കപ്പെടുന്ന ഒരു വാഹനം നമ്മുടെ സംസ്ഥാനത്ത് ആദ്യമായി രജിസ്റ്റർ ചെയ്യുന്നതിലേയ്ക്കായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നും വാഹനത്തിന്റെ സാങ്കേതിക വിവരങ്ങൾ പരിശോധിച്ച് അംഗീകാരം നൽകുന്ന സംവിധാനം നിലവിൽ ഉണ്ടായിരുന്നു.

എന്നാൽ നമ്മുടെ സംസ്ഥാനത്ത് കേന്ദ്രീകൃത സോഫ്റ്റ്വെയർ ആയ വാഹൻ നടപ്പാക്കുന്നതോടുകൂടി ഈ സംവിധാനത്തിന്റെ ആവശ്യകത പുന:പരിശോധിക്കുകയുണ്ടായി.

ഈ രാജ്യത്ത് നിർമ്മിക്കപ്പെടുന്ന എല്ലാ വാഹനങ്ങളുടേയും സാങ്കേതിക വിവരങ്ങൾ അതത് വാഹന നിർമ്മാതാവ് തന്നെ വാഹൻ സോഫ്റ്റ്വെയറിലേയ്ക്ക് അപ്‌ലോഡ് ചെയ്യുന്ന നൂതനമായ ഹോമോലോഗേഷൻ എന്ന സംവിധാനം വാഹന സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു നിർമ്മാതാവിന് ഈ സംവിധാനം മുഖാന്തിരം ഒരു വാഹനത്തിന്റെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യണമെങ്കിൽ അത്തരം വാഹനങ്ങൾക്ക് രാജ്യത്തെ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അപ്രൂവൽ ഏജൻസികളിലൊന്നിൽ നിന്നുള്ള ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് (TAC) ലഭിച്ചിരിക്കേണ്ടതാണ്.

അതായത് അംഗീകൃത ടെസ്റ്റിംഗ് ഏജൻസികൾ നൽകുന്ന ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് ഉള്ള വാഹനങ്ങളുടെ വിവരങ്ങൾ മാത്രമേ ഒരു വാഹന നിർമ്മാതാവിന് 'വാഹൻ' സോഫ്റ്റ്വെയറിലേയ്ക്ക് അപ്‌ലോഡ് ചെയ്യുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ 'വാഹനിലെ' ഹോമോലോഗേഷൻ പോർട്ടലിൽ ലഭ്യമാകുന്ന എല്ലാ വാഹനങ്ങൾക്കും അംഗീകാരം ഉള്ളതായി അനുമാനിക്കാവുന്നതാണ്.

ഈ സാഹചര്യത്തിൽ അംഗീകൃത ടെസ്റ്റിംഗ് ഏജൻസികളുടെ അംഗീകാരം ലഭ്യമായി, വാഹൻ ഹോമോലോഗേഷൻ പോർട്ടലിൽ ലഭ്യമാകുന്ന വാഹനങ്ങൾക്ക് ട്രാൻസ്പോർട്ട് കമ്മീഷണറുടെ പ്രത്യേക അനുമതി ഇനിമുതൽ ആവശ്യമില്ല എന്ന് തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഒരു പുതിയ തരം വാഹനത്തിന്റെ രജിസ്ട്രേഷന് അപേക്ഷ ലഭിക്കുമ്പോൾ അത്തരം വാഹനങ്ങൾക്ക് അംഗീകൃത ഏജൻസിയുടെ ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ള വാഹനങ്ങളുടെ വിവരങ്ങൾ വാഹൻ സോഫ്റ്റ് വെയറിലെ അഡ്മിൻ ലോഗിനിലെ 'MAKER-MODEL-MASTER' എന്ന വെബ് പോർട്ടലിൽ ലഭ്യമാണ്. പുതിയ തരം വാഹനത്തിന്റെ അപേക്ഷ വരുമ്പോൾ മേൽ പറഞ്ഞ വെബ് പേജ് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3. ഹോമോലോഗേഷൻ പോർട്ടലിൽ സാങ്കേതിക വിവരങ്ങൾ അപ്‌ലോഡ് ചെയ്ത വാഹനങ്ങൾക്ക് മാത്രമേ ഡീലർമാർക്ക് അവരുടെ ഡീലർ ലോഗിൻ മുഖാന്തിരം രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ തന്നെ ഡീലർ ലോഗിൻ വഴി രജിസ്ട്രേഷന് സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ ഉൾപ്പെടുന്ന വാഹനങ്ങൾക്ക് TAC ഉണ്ടെന്ന് ഉറപ്പുവരുത്താവുന്നതാണ്.

4. നിലവിലെ രീതിയിൽ, ട്രാൻസ്പോർട്ട് കമ്മീഷണറുടെ അംഗീകാരം ലഭ്യമായ വാഹനങ്ങൾക്കുള്ള ട്രേഡ് സർട്ടിഫിക്കറ്റ് മാത്രമേ രജിസ്ട്രേഷൻ അതോറിറ്റികൾക്ക് സ്മാർട്ട് മൂവിൽ കൂടി അനുവദിച്ച് നൽകുവാൻ സാധ്യമാവുകയുള്ളൂ. ഇതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ നിന്നുള്ള ഡാറ്റ ആവശ്യവുമായിരുന്നു. പുതിയ സാഹചര്യത്തിൽ ഹോമോലോഗേഷനിൽ ലഭ്യമായ വാഹനങ്ങൾക്ക് ഒന്നും തന്നെ ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ നിന്നും ഡാറ്റ അപ്ഡേറ്റുകൾ ലഭ്യമാക്കുന്നതല്ല. പകരം വാഹനിൽ കൂടി തന്നെയാണ് ട്രേഡ് സർട്ടിഫിക്കറ്റുകൾ നൽകേണ്ടത്. എന്നാൽ വാഹനിലെ ട്രേഡ് സർട്ടിഫിക്കറ്റ് മോഡ്യൂൾ പ്രവർത്തനക്ഷമമാക്കുന്നതു വരെയുള്ള ചുരുങ്ങിയ കാലയളവിലേക്ക് സ്മാർട്ട് മൂവിൽ തന്നെ പുതിയതരം വാഹനങ്ങളുടെ സാങ്കേതിക വിവരങ്ങൾ രേഖപ്പെടുത്തി ട്രേഡ് സർട്ടിഫിക്കറ്റുകൾ നൽകുവാനുള്ള സംവിധാനം എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും അനുവദിച്ച് നൽകുന്നതാണ്.

5. ഇറക്കുമതി ചെയ്യപ്പെടുന്ന വാഹനങ്ങൾക്ക് importer തന്നെ ഹോമോലോഗേഷനുള്ള യൂസർ ഐഡിയും പാസ്സ്‌വേഡും സമ്പാദിച്ച് ഹോമോലോഗേഷൻ മുഖാന്തിരം ഡാറ്റ ലഭ്യമാക്കേണ്ടതാണ്.

6. ഏതെങ്കിലും വാഹനങ്ങൾ ഡീലർ ലോഗിൻ വഴി അല്ലാതെ ഓഫീസിൽ നേരിട്ട്, ഓഫീസ് മോഡ്യൂളിലെ രജിസ്ട്രേഷൻ പേജിൽ കൂടി രജിസ്റ്റർ ചെയ്യേണ്ടി വന്നാൽ ആയതിന് ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് ലഭ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ടൈപ്പ് അപ്രൂവൽ സർട്ടിഫിക്കറ്റ് ലഭ്യമല്ലാത്തപക്ഷം ആയത് ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അത്തരം സാഹചര്യം പരിശോധിച്ച് തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്.

ട്രാൻസ്പോർട്ട് കമ്മീഷണർ

ഐ.എൽ.